തുഞ്ചത്തെഴുത്തച്ഛൻ
മലയാളസർവകലാശാല

# പിഎച്ച്.ഡി കോഴ്സ്‌വർക്ക് പരീക്ഷ

ഫെബ്രുവരി 2025

**LIN PCW 2404**

## ഭാഷാശാസ്ത്രം

## ഗവേഷണവും പ്രസിദ്ധീകരണ നൈതികതയും

**സമയം: 3 മണിക്കൂർ** **മാർക്ക്:100**

## I. രണ്ടുപുറത്തിൽ കവിയാതെ എട്ടുചോദ്യത്തിന് ഉത്തരമെഴുതുക.

**(8X5 = 40)**

1. പ്രസിദ്ധീകരണനൈതികതയുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന **COPE, WAME** എന്നീ സംഘടനകളുടെ പ്രസക്തിയെന്തെന്നു കണ്ടെത്തുക.

2. ഓപ്പൺ ആക്സസ് ജേണലുകളുടെ പൊതുവായ സവിശേഷതകൾ എന്തൊക്കെയാണെന്നു പരിശോധിക്കുക.

3. രചനാമോഷണം(**Plagiarism**) കണ്ടുപിടിക്കാനുള്ള ഓൺലൈൻ/ ഓഫ്‌ലൈൻ മാർഗങ്ങൾ എന്തൊക്കെയാണ്?

4. രചനാമോഷണത്തിന്റെ അനന്തരഫലങ്ങൾ എന്തൊക്കെയാണ്?

5. ഇംപാക്ട്ഫാക്ടർ കണ്ടെത്തുന്നത് എങ്ങനെയാണെന്നു വിശദമാക്കുക.

6. ഗവേഷണനൈതികതയെ നിർവചിക്കുന്നതിൽ ഗവേഷണതത്വചിന്തയുടെ പങ്കെന്ത് എന്ന് ചർച്ച ചെയ്യുക.

7. ഗവേഷണനൈതികതയുടെ പ്രസക്തിയും പ്രാധാന്യവും എന്ത്? പ്രധാന ചിന്തകരുടെ അഭിപ്രായങ്ങൾ ക്രോഡീകരിക്കുക.

8. ദുർഗ്രഹാവതരണം എന്തെന്നെഴുതുക.

9. പകർപ്പുരചനയുടെ നിർവചനത്തിൽ ഉൾപ്പെടുന്ന അവതരണരീതികളെപ്പറ്റി വിശദീകരിക്കുക.

10. അന്തർവൈജ്ഞാനികത – ബഹുവൈജ്ഞാനികത വിഷയ വ്യത്യാസങ്ങൾ ഉപന്യസിക്കുക.

## II. അഞ്ചുപുറത്തിൽ കവിയാതെ മൂന്ന് ചോദ്യത്തിന് ഉത്തരമെഴുതുക.

**(3X20=60)**

11. നിർമിതബുദ്ധിയുടെ കാലത്ത് പകർപ്പവകാശനിയമങ്ങൾക്ക് പ്രസക്തിയുണ്ടോ? സ്വാഭിപ്രായം സമർത്ഥിക്കുക.

12. പ്രധാനപ്പെട്ട രണ്ട് ഇൻഡക്സ് സേവനദാതാക്കളെ പരിചയപ്പെടുത്തി അവരുടെ സേവനങ്ങളെ വിലയിരുത്തുക.

13. ഔപചാരിക - അനൗപചാരിക ഗവേഷണങ്ങളുടെ സാധ്യതകളും പരിമിതികളും എന്ന വിഷയത്തിൽ ഉപന്യസിക്കുക.

14. ഗവേഷണധാർമികതയുടെ പ്രമാണങ്ങളും മാനദണ്ഡങ്ങളും വിശദീകരിക്കുക.

******